LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേക്ക് വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്നതിന് മാനദണ്ഡം

130 [1540] ശ്രീ. വി. ഡി. സതീശൻ:
പ്രൊഫ. എ. ഡി. മൂസ്തഫ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
" എ. കെ. മണി:
" ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജ് പ്രവേശന കാര്യത്തിൽ സ്വാശ്രയ കോളേജുകളിലേക്ക് മെരിറ്റ് കാറ്റഗറിയിൽപ്പെടുന്ന വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്;

(ബി) ഉയർന്ന റാങ്കുള്ളവരെ സ്വാശ്രയ കോളേജിലേക്ക് അലോട്ട് ചെയ്യാറുണ്ടോ;

(സി) സ്വാശ്രയ കോളേജുകളിലും ഗവൺമെന്റ് കോളേജുകളിലും ഒരേ ഫീസ് ഘടനയാണോ നിലവിലുള്ളത്;

(ഡി) മെരിറ്റ് കാറ്റഗറിയിൽ സ്വാശ്രയ കോളേജിലേക്ക് അലോട്ട് ചെയ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ഇളവും സ്കോളർഷിപ്പും നൽകുവാൻ എന്തെങ്കിലും ഏർപ്പാടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വാശ്രയ കോളേജിലെ ഓരോ കോഴ്സിലേയും ആകെയുള്ള സീറ്റിന്റെ 50 ശതമാനം സീറ്റുകൾ ഗവൺമെന്റ് സീറ്റുകളാണ്. ഈ സീറ്റുകളിലേക്ക് മാൻഡേറ്ററി റിസർവേഷൻ തത്വങ്ങൾ അനുസരിച്ച് റാങ്ക് ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകുന്നു. അതനുസരിച്ച് ഈ സീറ്റുകളിൽ 50 ശതമാനം സീറ്റുകൾ സ്റ്റേറ്റ് മെരിറ്റ് വിഭാഗത്തിനും 25 ശതമാനം സീറ്റുകൾ എസ്.ഇ.ബി.സി. വിഭാഗത്തിനും, 15 ശതമാനം സീറ്റുകൾ പ്രാദേശിക സംവരണ വിഭാഗത്തിനും, 10 ശതമാനം സീറ്റുകൾ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിനും അനുവദിക്കുന്നു.

(ബി) വിദ്യാർത്ഥികൾ നൽകുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ റാങ്ക് ക്രമത്തിൽ മാത്രമേ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലേക്കും, സ്വാശ്രയ കോളേജുകളിലേക്കും അലോട്ട്മെന്റ് നൽകാറുള്ളൂ.

(സി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച കാര്യങ്ങളിന്മേൽ നിയമ നിർമ്മാണ പ്രക്രിയ പൂർത്തിയായി വരുന്നു.

(ഡി) പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്നു.

സ്വാശ്രയ സാങ്കേതിക സർവ്വകലാശാല ആരംഭിക്കുവാൻ നടപടി

131 [541] ശ്രീ. തോമസ് ചാഴികാടൻ:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി സ്വാശ്രയ സാങ്കേതിക സർവ്വകലാശാല ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഇതിനുള്ള മൂലധനം എങ്ങനെ സമാഹരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(ഡി) എത്ര കോളേജുകൾ ഇതിന്റെ പരിധിയിൽ വരുമെന്ന് വിശദമാക്കാമോ;

(ഇ) ഇത് എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വാശ്രയ സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എഞ്ചിനീയറിംഗ് കോളേജുകൾ, എം. സി. എ./എം. ബി. എ, കോളേജുകൾ എന്നിവയെ ഉൾപ്പെടുത്തി ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ബി) മുൻപറഞ്ഞപ്രകാരമുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രാഥമിക റിപ്പോർട്ട് തയ്യാറായിട്ടുണ്ട്.

(സി) കേരളത്തിലെ മറ്റ് സർവ്വകലാശാലകളെപ്പോലെ സർക്കാർ പദ്ധതി സഹായത്തോടെ മൂലധനം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാനത്തെ സർക്കാർ/എയിഡഡ്/സ്വാശ്രയ മേഖലയിലെ എല്ലാ എഞ്ചിനീയറിംഗ്/എം.ബി.എ./എം.സി.എ. കോളേജുകളും ഇതിന്റെ പരിധിയിൽ വരും.

(ഇ) ഇക്കാര്യത്തിൽ പ്രാഥമിക ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly